തിരുവല്ലായിൽനിന്നും ആലപ്പുഴയിലേക്കു ഒരു റെയിൽവേ ലൈൻ

893 [1649] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാടിന്റെ വികസനത്തിനും തീർത്ഥാടകരുടെ സൗകര്യത്തിനും വേണ്ടി എടത്വായേയും അമ്പലപ്പുഴയേയും ബന്ധിപ്പിച്ചുകൊണ്ട് തിരുവല്ലായിൽനിന്നും ആലപ്പുഴയിലേക്കു ഒരു റെയിൽവേ ലൈൻ നിർമ്മിക്കുവാൻ കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യുമോ?

ഉത്തരം

റെയിൽവേ ബോർഡ് അംഗീകരിച്ചിട്ടുള്ളതും ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ഏറെടുത്തിട്ടുള്ളതുമായ ലൈനുകളുടെ നിർമ്മാണം പൂർത്തിയാക്കിയതിനുശേഷമേ പുതിയ ലൈനുകളെപ്പറ്റി ആലോചിക്കാൻ കഴിയുകയുള്ളു എന്നുള്ളതാണ് റെയിൽവേയുടെ നിലപാട്. എറണാകുളം–ആലപ്പുഴ ലൈനിന്റെ പണി പൂർത്തിയാകുന്നമുറയ്ക്കു പ്രസ്തുത ലൈൻ കായംകുളത്തേയ്ക്കു നീട്ടുന്നതാണെന്നു കേന്ദ്രം സംസ്ഥാനസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആലപ്പുഴ–കായംകുളം ലൈനിനുവേണ്ടിയുള്ള സർവേ നടപടികളും ആരംഭിച്ചുകഴിഞ്ഞതായാണ് അറിയുന്നത്. ഈ സാഹചര്യത്തിൽ തിരുവല്ലായും ആലപ്പുഴയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ ലൈൻ ആരംഭിക്കുന്ന കാര്യം കേന്ദ്രത്തോട് ആവശ്യപ്പെടുന്നതുകൊണ്ടു വലിയ പ്രയോജനം ഉണ്ട് എന്നു തോന്നുന്നില്ല.

സർക്കാർ ജീവനക്കാർക്ക് കെട്ടിടം വയ്ക്കുന്നതിനുള്ള വായ്പാ അപേക്ഷകൾ

894 [1650] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരിൽനിന്നും ലഭിച്ച കെട്ടിടം വയ്ക്കുന്നതിനുള്ള വായ്പാ അപേക്ഷകൾ എത്രയെണ്ണം കുടിശ്ശികയായി കിടപ്പുണ്ട്;

(ബി) ഇത്രയും വായ്പകളനുവദിക്കാൻ എന്തു തുകയാണ് ആകെ വേണ്ടിവരുന്നത്;

(സി) 1981–82-ലെ ബഡ്ജറിൽ എന്തു തുകയാണ് ഈ ആവശ്യത്തിലേക്കായി നീക്കിവച്ചിട്ടുള്ളത്;

(ഡി) വായ്പ അനുവദിക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നത് എന്തു മാനദണ്ഡത്തിലാണ്;

(ഇ) പെൻഷൻ പറ്റാൻ കുറച്ചു സർവീസുമാത്രം ബാക്കിയുള്ള ജീവനക്കാർക്ക് വായ്പ അനുവദിക്കുന്നതിൽ മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വകുപ്പദ്ധ്യക്ഷൻമാരാണ് അപേക്ഷകൾ സൂക്ഷിക്കുന്നതും തുക ലഭ്യമാക്കുന്നതിനനുസരിച്ച് അപേക്ഷകളിൻമേൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതും. അതുകൊണ്ട് അപേക്ഷകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തുവാൻ നിവൃത്തിയില്ല. 31–3–1980 വരെയുള്ള അപേക്ഷകളുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടിരുന്ന തുകയുടെ 80 ശതമാനം നൽകപ്പെട്ടിട്ടുണ്ട്. 40 ശതമാനം കുടിശ്ശികയുണ്ട്. കൂടാതെ 31-3-1980 മുതൽ 31-3-1981 വരെയുള്ള അപേക്ഷകളിൻമേൽ ആവശ്യപ്പെട്ടിട്ടുള്ള തുകയും നൽകപ്പെടേണ്ടതായിട്ടുണ്ട്.

(ബി) 6 കോടി രൂപ.

(സി) 2 കോടി രൂപ. ഇതിൽ 20 ലക്ഷം രൂപ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട അപേക്ഷകർക്കായി പ്രത്യേകം നീക്കിവച്ചിട്ടുള്ള തുകയാണ്.

(ഡി) എല്ലാവിധ രേഖകളോടും കൂടി സമർപ്പിക്കപ്പെടുന്ന അപേക്ഷയുടെ തീയതിയനുസരിച്ചാണ് മുൻഗണന നിശ്ചയിക്കുന്നത്.

(ഇ) ചോദ്യം (ഡി) ക്ക് നൽകിയിരിക്കുന്ന ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യമുദിക്കുന്നില്ല.

കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥൻമാർ

895 [1651] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:
,, എ. സി. ജോസ്:
,, കെ. പി. വിശ്വനാഥൻ:
,, സിറിയക് ജോൺ:
,, രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ ഇപ്പോൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ഉദ്യോഗസ്ഥൻമാർ ജോലിചെയ്യുന്നുണ്ട്;

(ബി) ഇവർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുവാൻ തുടങ്ങിയിട്ട് എത്ര വർഷമായി;

(സി) ഡെപ്യൂട്ടേഷൻ അലവൻസായി ഇവർക്ക് ഇതിനകം എത്ര രൂപ ഗവൺമെന്റ് നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 171.

(ബി) (1) ഒരു വർഷവും അതിനുതാഴെയുമുള്ളവർ .. 71
(2) ഒരു വർഷത്തിനുമേൽ രണ്ടു വർഷത്തിനു താഴെ .. 43
(3) രണ്ടു വർഷത്തിനുമേൽ മൂന്നു വർഷത്തിനുതാഴെ .. 31
(4) മൂന്നു വർഷത്തിനുമേൽ നാലു വർഷത്തിനുതാഴെ .. 11
(5) നാലു വർഷത്തിനുമേൽ അഞ്ചു വർഷത്തിനുതാഴെ .. 13
(6) അഞ്ചു വർഷത്തിനുമേൽ .. 2

171

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly